# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 12.05.2026**

## പ്രധാനവാർത്തകൾ

1. **ദേശീയ ഫ്ലോറൻസ് നൈറ്റിംഗേൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ഇന്ന് ലോക നഴ്സസ് ദിനം.**

2. **കേരളത്തിൽ പുതിയ മുഖ്യമന്ത്രിയെ സംബന്ധിച്ച തീരുമാനത്തിൽ അനിശ്ചിതത്വം തുടരുന്നു. ന്യൂഡൽഹിയിൽ തിരക്കിട്ട ചർച്ചകളും കൂടിയാലോചനകളുമായി കോൺഗ്രസ് കേന്ദ്ര നേതൃത്വം.**

3. **അസമിൽ ഹിമന്ദ ബിശ്വ ശർമയുടെ നേതൃത്വത്തിലുള്ള സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.**

4. **തമിഴ്നാട്ടിൽ TVK നേതാവ് JCD പ്രഭാകർ നിയമസഭാ സ്പീക്കറായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. മുഖ്യമന്ത്രി ജോസഫ് വിജയ്ക്ക് നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ നാളെ വരെ സമയം.**

5. **സംസ്ഥാന ജനസംഖ്യാ കണക്കെടുപ്പിൽ പൊതുജനങ്ങളുടെ പൂർണ്ണ സഹകരണം അഭ്യർത്ഥിച്ച് കേരള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.**

6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.**

**&&&&&&&&&&&&&&&&&&**

RNUTVPM

## ലോക നഴ്സസ് ദിനം (ഇൻട്രോ)

ദേശീയ ഫ്ലോറൻസ് നൈറ്റിംഗേൽ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ലോക നഴ്സസ് ദിനത്തോടനുബന്ധിച്ച് നഴ്സിംഗ് മേഖലയിൽ മികച്ച സേവനം കാഴ്ചവെച്ചവരെ ആദരിക്കുന്നതിനാണ് പുരസ്കാരം. ആധുനിക നഴ്സിംഗിൻറെ സ്ഥാപക ഫ്ലോറൻസ് നൈറ്റിംഗേലിൻറെ ജന്മദിനത്തിലാണ് ലോക നഴ്സിംഗ് ദിനം ആചരിക്കുന്നത്. Our Nurses. Our Future. Empowered Nurses Save Lives എന്നതാണ് ഈ വർഷത്തെ പ്രമേയം. കഴിഞ്ഞ വർഷത്തെ ഫ്ലോറൻസ് നൈറ്റിംഗേൽ അവാർഡ് ജേതാവായ റിട്ടയേർഡ് മേജർ ജനറൽ **പി.ഡി.ഷീന നഴ്സിംഗ് മേഖലയിലെ അനുഭവങ്ങൾ ആകാശവാണി വാർത്താകളോട് പങ്കുവെക്കുന്നു. (വോയിസ്)**

RNU TVPM

**&&&&&&&&&&&&&&&&&&**

## നീറ്റ് പരീക്ഷ

ഈ വർഷത്തെ നീറ്റ് - യു ജി പരീക്ഷ റദ്ദാക്കി. ഈ മാസം മൂന്നിന് നടത്തിയ പരീക്ഷയാണ് നാഷണൽ ടെസ്റ്റിങ് ഏജൻസി റദ്ദാക്കിയത്. പരീക്ഷ വീണ്ടും നടത്താനും NTA തീരുമാനിച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും. പരീക്ഷാ നടത്തിപ്പിൽ ക്രമക്കേട് നടന്നതായ ആരോപണത്തെ തുടർന്നാണ് നടപടി. വിഷയം സി ബി ഐ അന്വേഷിക്കും.

**&&&&&&&&&&&&&&&&&&**

## കേരളം - മുഖ്യമന്ത്രി

സംസ്ഥാനത്ത് പുതിയ മുഖ്യമന്ത്രിയെ സംബന്ധിച്ച തീരുമാനം വൈകുന്നു. അന്തിമ തീരുമാനം എടുക്കുന്നതിന് ഹൈക്കമാൻഡ് മുതിർന്ന നേതാക്കളുടെ അഭിപ്രായം തേടുകയാണ്. ന്യൂഡൽഹിയിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ഇന്നും ചർച്ചകൾ തുടരുമെന്നാണ് റിപ്പോർട്ട്. നിയമസഭാ തിരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നിട്ട് ഇന്ന് 8 ദിവസത്തേക്ക് കടക്കുകയാണ്.

&&&&&&&&&&&&&&&&&&&

## അസം - സത്യപ്രതിജ്ഞ

അസമിൽ ഹിമന്ദ ബിശ്വ ശർമയുടെ നേതൃത്വത്തിലുള്ള സർക്കാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഖാനപാരയിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ തുടങ്ങിയവർ പങ്കെടുത്തു. 126 അംഗ അസം നിയമസഭയിൽ 102 സീറ്റ് നേടിയാണ് ഹിമന്ദ ബിശ്വ ശർമയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ ഭരണം നിലനിർത്തിയത്.

&&&&&&&&&&&&&&&&&&&

## തമിഴ്നാട് നിയമസഭാ സ്പീക്കർ

തമിഴക വെട്രി കഴകം നേതാവ് JCD പ്രഭാകറിനെ തമിഴ്നാട് നിയമസഭാ സ്പീക്കറായി തിരഞ്ഞെടുത്തു. സ്പീക്കർ സ്ഥാനത്തേക്ക് എതിരില്ലാതെയാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. അതേസമയം, നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ മുഖ്യമന്ത്രി ജോസഫ് വിജയ്ക്ക് നാളെ വരെയാണ് സമയം.

&&&&&&&&&&&&&&&&&&&

## പുതുച്ചേരി - സത്യപ്രതിജ്ഞ

പുതുച്ചേരി മുഖ്യമന്ത്രിയായി എൻ രംഗസാമി നാളെ സത്യപ്രതിജ്ഞ ചെയ്യും. AINRC - യുടെ നേതൃത്വത്തിലുള്ള എൻ ഡി എ സഖ്യം നിയമസഭാ തിരഞ്ഞെടുപ്പിൽ മികച്ച വിജയം നേടിയതിനെത്തുടർന്നാണ് അഞ്ചാം തവണയും ശ്രീ. രംഗസാമി അധികാരമേൽക്കുന്നത്.

PMUTVPM

&&&&&&&&&&&&&&&&&&&

## കേരളം - സെൻസസ്

ഈ വർഷം ജൂലൈ 1 മുതൽ ജൂലൈ 30 വരെ നടക്കുന്ന സെൻസസ് 2027 ലെ ഒന്നാം ഘട്ടത്തിനും അതിനു മുന്നോടിയായി ജൂൺ 16 മുതൽ 30 വരെ നടക്കുന്ന സെൽഫ് എന്യൂമറേഷനും പൊതുജനങ്ങൾ പൂർണ്ണ സഹകരണം നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേരള സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. വീടുകളുടെ പട്ടിക തയ്യാറാക്കലും

വീടുകളുടെ സെൻസസുമാണ് ഒന്നാം ഘട്ടം. ഇതിന് മുന്നോടിയായി 15 ദിവസത്തെ സെൽഫ് എന്യൂമറേഷൻ ഉണ്ടായിരിക്കും. വിവരശേഖരണ സമയത്ത് കൃത്യവും പൂർണ്ണവും വ്യക്തവുമായ വിവരങ്ങൾ സെൻസസ് ഉദ്യോഗസ്ഥർക്ക് ജനങ്ങൾ നൽകണമെന്നും സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**ഡോക്ടർ - സമരം**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.ജി. റെസിഡന്റ് ഡോക്ടർമാർ അനിശ്ചിതകാല സമരം ആരംഭിച്ചു. നാലു മാസമായി സ്റ്റൈപ്പൻഡ് ലഭിക്കാത്തതിനെത്തുടർന്നാണ് സമരം. കേരള മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് സമരം നടത്തുന്നത്. പി.ജി. റെസിഡൻ്റ് ഡോക്ടർമാർ അടിയന്തര സാഹചര്യങ്ങളിൽ ഒഴികെ ഒ.പി. ഡ്യൂട്ടി ഉൾപ്പെടെ ബഹിഷ്കരിച്ചാണ് സമരം.

RNU TVPM

&&&&&&&&&&&&&&&&&&

**അൻപ് വീട് പദ്ധതി (ഇൻട്രോ)**

രക്ഷിതാക്കളുടെ അഭാവത്തിൽ ഭിന്നശേഷിക്കാർക്ക് അഭയമേകാൻ 'അൻപ് വീട് പദ്ധതി. ചികിത്സയ്ക്കും വിശ്രമത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി രക്ഷിതാക്കൾക്ക് മാറിനിൽക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്ക് സംരക്ഷണം നൽകുന്നതാണ് പദ്ധതി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്... (വോയ്സ്)**

&&&&&&&&&&&&&&&&&&

**ആകാശവാണി - 90-ാം വാർഷികം**

ആകാശവാണിയുടെ 90-ാം വാർഷികത്തിൻറെ ഭാഗമായി പ്രക്ഷേപണത്തിൻറെ 75 വർഷങ്ങൾ പിന്നിട്ട കോഴിക്കോട് നിലയം സംഘടിപ്പിച്ച മിനി ലിറ്ററേച്ചർ ഫെസ്റ്റ് LEGACY 2026 ന് തുടക്കമായി. ചടങ്ങിൽ എഴുത്തുകാരനും പ്രഭാഷകനുമായ കൽപറ്റ നാരായണൻ മുഖ്യാതിഥിയായി.

&&&&&&&&&&&&&&&&&&

<u>മദ്യശാലകൾ പൂട്ടും - തമിഴ്നാട്</u>

തമിഴ്നാട്ടിൽ ആരാധനാലയങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബസ് സ്റ്റാൻ്റുകൾക്കും സമീപം 500 മീറ്റർ ചുറ്റളവിൽ പ്രവർത്തിക്കുന്ന മദ്യവിൽപ്പന ശാലകൾ അടച്ചുപൂട്ടാൻ മുഖ്യമന്ത്രി ജോസഫ് വിജയ് ഉത്തരവിട്ടു. സംസ്ഥാനത്തുടനീളം ഇത്തരത്തിൽ 717 മദ്യശാലകളാണ് പ്രവർത്തിക്കുന്നത്. രണ്ടാഴ്ചയ്ക്കുള്ളിൽ അടച്ചുപൂട്ടാനാണ് ഉത്തരവ്. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം തമിഴ്നാട് സ്റ്റേറ്റ് മാർക്കറ്റിംഗ് കോർപ്പറേഷൻ നടത്തിയ പ്രത്യേക പരിശോധനയെത്തുടർന്നാണ് നടപടി.

&&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് ചില ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. തെക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം അടുത്ത 48 മണിക്കൂറിനുള്ളിൽ കൂടുതൽ ശക്തിപ്പെടാൻ സാധ്യതയുണ്ട്. ലക്ഷദ്വീപിനും കേരള തീരത്തിനും സമീപത്തായി ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>മൂന്നാർ ഫീസ് ഈടാക്കും (ഇൻട്രോ)</u>

പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിലേക്ക് പ്രവേശിക്കാൻ ഇനി മുതൽ സഞ്ചാരികൾ ഫീസ് നൽകേണ്ടി വരും. പ്രവേശന കവാടങ്ങളിൽ ഹരിത ചെക്പോസ്റ്റുകൾ സ്ഥാപിച്ച് വാഹനങ്ങളിൽ നിന്ന് ഫീസ് ഈടാക്കാനാണ് മൂന്നാർ പഞ്ചായത്തിന്റെ നീക്കം. ഇന്ന് ചേരുന്ന പഞ്ചായത്ത് കമ്മിറ്റിയിൽ ഇതുസംബന്ധിച്ച അന്തിമ തീരുമാനമുണ്ടാകും.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്......**

(വോയിസ്)

&&&&&&&&&&&&&&&&&&

RNU TVPM

## പാലക്കാട് - അപകടം

പാലക്കാട് എലപ്പുള്ളിയിൽ ചരക്ക് ലോറിയും ബൈക്കും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു. എലപ്പുള്ളി സ്വദേശി വിഷ്ണു, പുതുശ്ശേരി സ്വദേശി കാർത്തിക് എന്നിവരാണ് മരിച്ചത്. ഇന്നലെ രാത്രി പേട്ട ജങ്ഷന് സമീപമായിരുന്നു അപകടം.

&&&&&&&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30ന് അഹമ്മദാബാദിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## ഓഹരി, സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 799 പോയിന്റ് താഴ്ന്ന് 75,212 ലും നിഫ്റ്റി 217 പോയിന്റ് നഷ്ടത്തിൽ 23,593 ലും വ്യാപാരം തുടരുന്നു . സ്വർണ്ണവില ഉയർന്നു. പവന് 400 രൂപ വർധിച്ച് ഒരു ലക്ഷത്തി 12,920 രൂപയും ഗ്രാമിന് 14,115 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

RNUTVPM

## വിബി-ജി-റാം-ജി

വിക്സിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ആക്ട്, 2025 നടപ്പാക്കാനുള്ള വിജ്ഞാപനം പുറത്തിറക്കി കേന്ദ്ര സർക്കാർ. ഈ വർഷം ജൂലൈ 1 മുതൽ രാജ്യവ്യാപകമായി നിയമം നടപ്പാക്കും. സാമ്പത്തിക വർഷത്തിലുടനീളം 125 തൊഴിൽ ദിനങ്ങൾ ഉറപ്പുനൽകുന്ന ഈ നിയമം ഗ്രാമീണ ഇന്ത്യയെ ശാക്തീകരിക്കുമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. ഇരുപത് വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം - MGNREGA 2005 ന് പകരമായാണ് നിയമം.

&&&&&&&&&&&&&&&&&&

## കോട്ടയം - അപകടം

കോട്ടയം തിരുനക്കരയിൽ ബസ് അപകടത്തിൽ യാത്രക്കാരിക്ക് ഗുരുതര പരിക്ക്. നട്ടാശ്ശേരി സ്വദേശിനി റോസ് C.D. -യ്ക്കാണ് പരിക്കേറ്റത്. ബസ് ബേയിൽ നിന്നിറങ്ങി നടക്കവെ യുവതി, മുന്നോട്ടെടുത്ത ബസിനടിയിൽ അകപ്പെടുകയായിരുന്നു.

&&&&&&&&&&&&&&&&&&

## ദേശീയപാത വിള്ളൽ

കാസർഗോഡ് ചെറുവത്തൂർമട്ടലായിയിൽ ദേശീയ പാത നിർമ്മാണത്തിൽ വിള്ളൽ കണ്ടെത്തിയ സംഭവത്തിൽ സ്ഥല പരിശോധന നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കാൻ അന്വേഷണ സംഘത്തെ നിയോഗിച്ചു. ഇത് സംബന്ധിച്ച ഉത്തരവ് ജില്ലാ കളക്ടർ പുറത്തിറക്കി. കാഞ്ഞങ്ങാട് ആർ.ഡി.ഒ യുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശേധന നടത്തുന്നത്.

RNUTVPM

&&&&&&&&&&&&&&&&&&

## ജലവിതരണം മുടങ്ങും

തിരുവനന്തപുരം നഗരത്തിലെ നന്ദാവനം, ബേക്കറി , ഊറ്റുകുഴി , സെക്രട്ടേറിയറ്റ്, മാഞ്ഞാലിക്കുളം റോഡ്, ഗാന്ധാരി അമ്മൻകോവിൽ റോഡ്, മേലേ തമ്പാനൂർ, ആയുർവേദ കോളേജ് , കുന്നുംപുറം, അംബുജവിലാസം റോഡ്, സ്റ്റാച്യു, പുളിമൂട് എന്നീ സ്ഥലങ്ങളിൽ നാളെ രാവിലെ 7ഏഴു മണി മുതൽ രാത്രി ഏഴു മണി വരെ ജലവിതരണം തടസ്സപ്പെടും. ഉപഭോക്താക്കൾ മുൻകരുതൽ സ്വീകരിക്കണമെന്ന് ജല അതോറിറ്റി അറിയിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&